ഉത്തരം

(എ) കൊച്ചി നഗരത്തിൽ ഹ്വൈഓവർ നിർമ്മിക്കണമെന്ന നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) പരിശോധിക്കാം.

നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റെ പണി പുനരാരംഭിക്കാൻ നടപടി

55 [1465] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റെ പണി പാതി വഴിയിൽ നിലച്ചിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) റെയിൽവേ അധികൃതരുമായി ബന്ധപ്പെട്ട് തടസ്സം നീക്കി പ്രസ്തുത പാലത്തിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) റെയിൽവേ സുരക്ഷാ കമ്മീഷണറുടെ അനുമതി ലഭിക്കാൻ വൈകിയത് കാരണം ഈ മേൽപ്പാലത്തിന്റെ പണികൾ തടസ്സപ്പെട്ടിരുന്നു. 2004 ജൂൺ 16-ന് അനുമതി ലഭിച്ചതിനെ തുടർന്ന് പണികൾ പുനരാരംഭിച്ചിട്ടുണ്ട്.

മീഞ്ചന്ത-ബേപ്പൂർ റെയിൽവേ മേൽപ്പാലത്തിന് അന്തരിച്ച മുൻമുഖ്യമന്ത്രി സ. ഇ. കെ. നായനാരുടെ നാമധേയം നൽകാൻ നടപടി

56 [1466] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീഞ്ചന്ത-ബേപ്പൂർ റെയിൽവേ മേൽപ്പാലത്തിന് അന്തരിച്ച മുൻ മുഖ്യമന്ത്രി സ. ഇ. കെ. നായനാരുടെ നാമധേയം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആവശ്യം പരിഗണിക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഇതുസംബന്ധിച്ച് സർക്കാരിന് ലഭിച്ച നിവേദനം പരിശോധിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly